# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *238** **07/12/2018-ലെ മറുപടി**

## ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് പ്രകാരം ജലസംഭരണികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. വിൻസെന്റ്**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. വി.എസ്. ശിവകുമാർ** | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവവകുപ്പ് മന്ത്രി)** |
| എ) ബ്യൂറോ ഓഫ് ഇന്ത്യൻ എ സ്റ്റാൻഡേർഡ്സ് പ്രകാരം സംസ്ഥാനത്തെ ജലസംഭരണികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ ഓപ്പറേഷൻ ഓഫ് റിസർവോയേഴ്സിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പ്രകാരം ജലസംഭരണികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം ബി ഡാമുകളിലെ വെള്ളം സുരക്ഷിതമായ അളവിൽ മാത്രമേ തുറന്ന് വിടാൻ പാടുള്ളൂ എന്ന നിബന്ധന 2018 ജൂലൈ , ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തെ ഡാമുകളുടെ പ്രവർത്തനങ്ങളിൽ പാലിക്കപ്പെട്ടിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ; | ഉണ്ട്. ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ പെയ്ത കനത്ത മഴയിൽ ഡാമുകളിൽ ലഭ്യമായ നീരൊഴുക്കിന് അനുസൃതമായി സുരക്ഷിതമായ അളവിൽ വെള്ളം, നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച്, സ്പിൽവേ ഷട്ടറുകളിൽ കൂടി പുറത്തേക്ക് ഒഴു ക്കുകയാണ് ഉ ണ്ടായത്. ആഗസ്റ്റ് മാസത്തിലെ പ്രളയദിനത്തിൽ ഓരോ മണിക്കൂർ ഇടവിട്ട് ഈ ഡാമുകളിലെ നീരൊഴുക്കും ജലവിതാനവും നിരീക്ഷിച്ച് വരികയും ആയതനുസരിച്ച് സ്പിൽവേ ഷട്ടറുകളിൽ കൂടി ജലം ഒഴുക്കി ജലവിതാനം അനുവദനീയമായ അളവിൽ ജലസംഭരണികളിൽ ക്രമീകരിച്ചിരുന്നു. കൂടാതെ ഡാമുകൾ തുറക്കുന്നതിനു |

മുമ്പ് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുമായും ജില്ലാ ഭരണകൂടവുമായും കൂടി ആലോചിച്ച് നിയന്ത്രിതമായ അളവിലാണ് ഷട്ടറുകൾ തുറന്ന് ജലം ഒഴുക്കിയത്.

| | | |
|---|---|---|
| സി) ഓരോ ഡാമിനും ബി.ഐ.എസ് അനുശാസിക്കുന്ന സേഫ് ഡൗൺസ്ട്രീം കപ്പാസിറ്റി നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ? | സി | ഡാമുകളുടെ സ്ട്രക്ചറൽ സ്റ്റെബിലിറ്റിയുടെയും റിസർവോയറിൽ വന്നെത്തുന്ന നീരൊഴുക്കിന്റെയും അടിസ്ഥാനത്തിലാണ് സ്പിൽവേ ഷട്ടറിൽകൂടി നിയന്ത്രിതമായ അളവിൽ ജലം പുറത്ത് വിടുന്നത്. ഡാമിന്റെ ഡൗൺസ്ട്രീമിൽ ജലം കയറുന്നതുമായി ബന്ധപ്പെട്ട് ഫ്ളഡ് ഇൻഡൻഡേഷൻ മാപ്പും എമർജൻസി ആക്ഷൻപ്ലാനും തയ്യാറാക്കി വരുന്നു. അതനുസരിച്ച് ഡൗൺസ്ട്രീം സുരക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

ஓ